സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 30 2025 ഏപ്രിൽ 07 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

യുവാവിന്റെ ജീവനെടുത്ത് കാട്ടാന; പാലക്കാട് മുണ്ടൂരിൽ യുവാവ് കൊല്ലപ്പെട്ടു

തൃശൂർ : പാലക്കാട് മുണ്ടൂരിൽ കാട്ടാനയുടെ ആക്രമണത്തിൽ യുവാവ് മരിച്ചു.

കയറംക്കോട് സ്വദേശി അലൻ ആണ് മരിച്ചത്. കണ്ണാടൻചോലയക്ക് സമീപത്ത് വെച്ചായിരുന്നു ആക്രമണം. ആക്രമണത്തിൽ അലന്റെ അമ്മ വിജിക്ക് പരിക്കേറ്റു.

കാട്ടാന ആക്രമണമുണ്ടായ കണ്ണാടൻചോല സ്ഥിരമായി വന്യജീവി ഇറങ്ങുന്ന പ്രദേശമാണെന്ന് നാട്ടുകാർ പറയുന്നു. രണ്ട് വർഷം മുൻപ് ഇതേ പ്രദേശത്ത് കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടിട്ടുണ്ട് എന്നും നാട്ടുകാർ പറയുന്നു.

മുനമ്പം അന്വേഷണ കമ്മിഷന് തുടരാമെന്ന് ഹൈക്കോടതി

കൊച്ചി: മുനമ്പം ഭൂമി തർക്കവുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച അന്വേഷണ കമ്മിഷന് തുടരാമെന്ന് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്. മെയ് 27-ന് കമ്മിഷന്റെ കാലാവധി തീരാനിരിക്കെ കമ്മിഷന്റെ പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിരുന്നു.

ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് എസ്. മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റേതാണ് ഉത്തരവ്. നേരത്തെ മുനമ്പം ജുഡീഷ്യൽ കമ്മീഷൻ

നിയമനം ഹൈക്കോടതി സിംഗിൾ ബെഞ്ച് റദ്ദാക്കിയിരുന്നു. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷന് പൊതുതാൽപര്യ സ്വഭാവം ഇല്ലെന്ന് കണ്ടെത്തിയായിരുന്നു സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്.

മുനമ്പത്തേത് വഖഫ് ഭൂമിയാണെന്ന് നേരത്തെ കണ്ടെത്തിയതാണെന്നും നിലവിൽ വഖഫ് ട്രിബ്യൂണലിന്റെ പരിഗണനയിലുമുള്ള സാഹചര്യത്തിൽ ജുഡീഷ്യൽ കമ്മീഷന് ഇടപെടാൻ അവകാശമില്ലെന്നും വ്യക്തമാക്കികൊണ്ടാണ് സിംഗിൾ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ഇതിനെതിരേയാണ് സർക്കാർ ഡിവിഷൻ ബെഞ്ചിലേക്ക് അപ്പീൽ പോയത്.

ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചതിൽ പൊതുതാൽപര്യം ഉണ്ടെന്നും സർക്കാരിന് വിശദമായ നിയമോപദേശം നൽകുകയാണ് കമ്മീഷന്റെ ലക്ഷ്യമെന്നുമാണ് അപ്പീലിലെ പ്രധാന വാദം. ഇതാണ് ഇപ്പോൾ കോടതി അംഗീകരിച്ചിരിക്കുന്നത്.

അതേസമയം, ജുഡീഷ്യൽ കമ്മീഷൻ പ്രവർത്തനം റദ്ദാക്കിയതിനെതിരേ സർക്കാർ നൽകിയ അപ്പീൽ ഹൈക്കോടതി തീർപ്പാക്കിയിട്ടില്ല. ഈ അപ്പീൽ ജൂണിൽ പരിഗണിക്കും. വിശദമായ വാദം കേട്ടതിന് ശേഷമായിരിക്കും ഉത്തരവ് പുറപ്പെടുവിക്കുക. എന്നാൽ, കമ്മിഷന്റെ കാലാവധി തീരാനിരിക്കെ കമ്മിഷന്റെ പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കണമെന്ന ആവശ്യം കോടതി അംഗീകരിക്കുകയായിരുന്നു.

ചക്ക തലയിൽവീണ് പരിക്കേറ്റ വീട്ടമ്മ മരിച്ചു

കോഴിക്കോട്: ചക്ക തലയിൽവീണ് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന വീട്ടമ്മ മരിച്ചു. തിരിച്ചിലങ്ങാടി ഉണ്ണിയാലിങ്ങൽ കോലഞ്ചേരി മിനി (53) ആണ് മരിച്ചത്. കഴിഞ്ഞ വ്യാഴാഴ്ച വീട്ടിൽ വസ്ത്രങ്ങൾ അലക്കുമ്പോൾ പ്ലാവിൽനിന്ന് ചക്ക ദേഹത്തുവീണാണ് പരിക്കേറ്റത്.

പരിക്കേറ്റ് അബോധാവസ്ഥയിലായ മിനിയെ ഉടൻ തന്നെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. നട്ടെല്ലിന് ക്ഷതം പറ്റിയ മിനി തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. ഭർത്താവ്: പാലക്കോട്ട് ഉണ്ണികൃഷ്ണൻ. മക്കൾ: നികേഷ്, നിഷാന്ത്.

ചികിത്സയിലായിരുന്ന വിദ്യാർത്ഥിനി മരണപ്പെട്ടു

തൃശ്ശൂർ: സെന്റ് തോമസ് കോളേജ് കെട്ടിടത്തിൽ നിന്നും ചാടി പരിക്കേറ്റ് ചികിത്സയിലായിരുന്ന വിദ്യാർത്ഥിനി മരണപ്പെട്ടു. തൃക്കൂർ സ്വദേശിനി ചിറമ്മൽ വീട്ടിൽ ഡേവീസിന്റെ മകൾ അന്ന എയ്ഞ്ചൽ(18)ആണ് മരിച്ചത്.

ആശ വർക്കർമാരെ തൊഴിലാളികളായി അംഗീകരിക്കേണ്ടത് കേന്ദ്രം: എം എ ബേബി

മധുര: ആശാവർക്കർമാർക്ക് ലഭിക്കുന്ന തുക വർധിപ്പിച്ചത് എൽഡിഎഫാണെന്ന് ഇപ്പോഴത്തെ സമരംമൂലം പൊതുസമൂഹത്തിന് ബോധ്യമായെന്ന് സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി. ആശ വർക്കർമാരെ തൊഴിലാളികളായി അംഗീകരിച്ച്, അവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ കേന്ദ്രം നൽകണമെന്നും എംഎ ബേബി പറഞ്ഞു. ഒരു വാർത്താചാനലിനു അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണെങ്കിലും സെക്രട്ടേറിയറ്റിനു മുൻപിൽ നടത്തുന്ന ആശ വർക്കർമാരുടെ സമരംകൊണ്ട് ഒരു പ്രയോജനമുണ്ടായി. ആശാ വർക്കർമാരുടെ പ്രതിഫലം ഏഴായിരം രൂപയാക്കി വർധിപ്പിച്ചത് എൽഡിഎഫാണെന്ന് പൊതുസമൂഹം ചർച്ചചെയ്തു. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പദ്ധതിയുടെ നിർവചനങ്ങൾ മാറ്റി ആശകളെ തൊഴിലാളികളായി അംഗീകരിക്കണം. തൊഴിലാളികൾക്ക് അവകാശപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ കൊടുക്കണം. കേന്ദ്രം ചെയ്യേണ്ട കാര്യം, സംസ്ഥാന സർക്കാരാണ് ചെയ്യേണ്ടതെന്ന മട്ടിൽ അവതരിപ്പിച്ചു എന്നതാണ് ആശാ പ്രവർത്തകർ ചെയ്ത തെറ്റെന്നും അദ്ദേഹം പറഞ്ഞു.

ആശാ വർക്കർമാർക്ക് ഇതര സംസ്ഥാനങ്ങൾ നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ചോദിച്ചപ്പോഴും വിഷയം കേന്ദ്രത്തിന്റെ തലയിൽ കെട്ടിവെച്ചു. ആശാ വർക്കർമാർക്കടക്കം നൽകേണ്ട കേന്ദ്രവിഹിതം ലഭിക്കുന്നില്ലെന്നും അതുംകൂടി സംസ്ഥാന സർക്കാർ നൽകിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വിശദീകരിച്ചു.

ഇക്കഴിഞ്ഞ ബജറ്റിൽ 52 ലക്ഷം കോടിയുടെ അടങ്കലാണ് കേന്ദ്ര ബജറ്റിലുള്ളത്. അതിൽ കേന്ദ്രവും സംസ്ഥാനവും നടപ്പാക്കുന്ന പദ്ധതികൾക്കായി വിനിയോഗിച്ചത് 25 ലക്ഷം കോടി. 2.8 ശതമാനം ജനസംഖ്യയുള്ള കേരളത്തിന് ഈ 25 ലക്ഷം കോടിയിൽനിന്ന് വിവിധ പദ്ധതികൾക്കായി ലഭിക്കാൻ അവകാശമുള്ളത് 70,000 കോടിയാണ്. എന്നാൽ, ലഭിക്കേണ്ടതിന്റെ നേർപ്പകുതിയായ 35,000 കോടി രൂപയാണ് ലഭിച്ചത്. കേരളത്തിനുനേരെ സാമ്പത്തിക കടന്നാക്രമണം നടത്തുന്നു. കടുത്ത സാമ്പത്തിക പ്രയാസത്തിൽനിൽക്കുമ്പോഴാണ് കേരളം കേന്ദ്രം നൽകേണ്ട ഫണ്ടുകൂടി നൽകുന്നത്. അത്തരമൊരു സാഹചര്യത്തിൽ വിരമിക്കൽ ആനുകൂല്യം പോലുള്ള വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്. അതിനുള്ള സാവകാശം കേരള സർക്കാരിന് നൽകാൻ ആശാ വർക്കർമാർക്ക് ചുമതലയുണ്ടെന്നും എം.എ. ബേബി കൂട്ടിച്ചേർത്തു.

ബസ് സ്കൂട്ടറിലിടിച്ച് സ്കൂട്ടർ യാത്രികന് ദാരുണാന്ത്യം

കുന്നംകുളം: ചൂണ്ടലിൽ കെ.എസ്.ആർ.ടി.സി. ബസ് സ്കൂട്ടറിലിടിച്ച് സ്കൂട്ടർ യാത്രികന് ദാരുണാന്ത്യം. പുതുശ്ശേരി സ്വദേശി തോമാസ് (47) ആണ് മരിച്ചത്. മൃതദേഹം കുന്നംകുളം താലൂക്കാശുപത്രിയിൽ.

കേസിൽ മുനമ്പം നിവാസികൾക്ക് കക്ഷി ചേരാം; അനുമതി നൽകി വഖഫ് ട്രിബ്യൂണൽ

കോഴിക്കോട്: മുനമ്പം വഖഫ് കേസിൽ മുനമ്പം നിവാസികൾക്ക് കക്ഷിചേരാൻ കോഴിക്കോട് വഖഫ് ട്രിബ്യൂണൽ അനുമതി നൽകി. മൂന്നംഗ വഖഫ് ട്രിബ്യൂണലാണ് വിധി പറഞ്ഞത്.

ഫറൂഖ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ നൽകിയ ഹർജിയിൽ കക്ഷിചേരണമെന്ന മുനമ്പം നിവാസികളുടെ ആവശ്യമാണ് വഖഫ് ട്രിബ്യൂണൽ അംഗീകരിച്ചത്.

സംസ്ഥാന വഖഫ് ട്രിബ്യൂണലിന്റെ നടപടികൾക്കെതിരേ രണ്ട് ഹർജികളാണ് ഫറൂഖ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സമർപ്പിച്ചത്. മുനമ്പത്തേത് വഖഫ് ഭൂമിയാണെന്നുള്ള വഖഫ് ബോർഡിന്റെ 2019-ലെ ഉത്തരവും വഖഫ് രജിസ്റ്ററിൽ സ്ഥലം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവും റദ്ദാക്കണമെന്നാവശ്യപ്പെട്ടാണ് ഫറൂഖ് കോളേജ് ഹർജി നൽകിയത്. നിസാർ കമ്മിഷൻ റിപ്പോർട്ട് വന്നതോടെ സർവേ പോലും നടത്താതെ സ്വമേധയാ സ്ഥലം ഏറ്റെടുത്തുവെന്നും ഫറൂഖ് കോളേജ് അറിയിച്ചിരുന്നു.

ഫറൂഖ് കോളേജിന്റെ ഹർജികൾ പരിഗണിക്കുമ്പോൾ മുനമ്പം നിവാസികൾക്ക് പറയാനുള്ള ഭാഗവും വഖഫ് ട്രിബ്യൂണൽ കേൾക്കും. കേസിലെ തുടർവാദങ്ങൾ ചൊവ്വാഴ്ച ആരംഭിക്കും. ഫറോക്ക് കോളേജിന് ഭൂമി വിൽക്കാനുള്ള അധികാരത്തെ തുടർന്നാണ് മുനമ്പത്തെ ഭൂമി വാങ്ങിയതെന്നും 35 വർഷത്തിന് ശേഷമുണ്ടായ ആക്ഷേപമാണിതെന്നും വിധി വഖഫ് സംരക്ഷണ സമിതിക്കുള്ള തിരിച്ചടിയാണെന്നും കേസിൽ കക്ഷി ചേരാനെത്തിയ മുനമ്പം നിവാസികളുടെ പ്രതിനിധി ജോസഫ് റോക്കി പറഞ്ഞു.

മുനമ്പത്ത് ഭൂമിവാങ്ങിയ ആരെയും കുടിയൊഴിപ്പിക്കരുത്; നിലപാട് വ്യക്തമാക്കി ലീഗ് സുപ്രീം കോടതിയിൽ

ന്യൂഡൽഹി: മുനമ്പത്ത് ഭൂമി വാങ്ങിയ ആരെയും കുടിയൊഴിപ്പിക്കരുതെന്ന് മുസ്ലിം ലീഗ്. വഖഫ് നിയമ ഭേദഗതി ചോദ്യംചെയ്ത് സുപ്രീം കോടതിയിൽ ഫയൽചെയ്ത ഹർജിയിലാണ് ലീഗ് ഇക്കാര്യം വ്യക്തമാക്കിയത്. മുനമ്പം വിഷയം പരിഹരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾക്ക് പൂർണപിന്തുണ നൽകുമെന്നും മുസ്ലിം ലീഗ് ഹർജിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

വഖഫ് നിയമ ഭേദഗതി ചോദ്യംചെയ്ത് പി.കെ. കുഞ്ഞാലിക്കുട്ടിയും മുസ്ലിം ലീഗിന്റെ പാർലമെന്റ് അംഗങ്ങളായ ഇ.ടി. മുഹമ്മദ് ബഷീർ, പി.വി. അബ്ദുൾ വഹാബ്, അബ്ദുസമദ് സമദാനി, കെ. നവാസ് കാനി എന്നിവരാണ് മുസ്ലിം ലീഗിനുവേണ്ടി സുപ്രീം കോടതിയിൽ ഹർജി ഫയൽചെയ്ത്. ഈ ഹർജിയിലാണ് മുനമ്പം വിഷയം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

മുനമ്പം വിഷയത്തിന് പരിഹാരം കാണുന്നതിന് മുസ്ലിം ലീഗ് അധ്യക്ഷൻ സയ്യിദ് സാദിഖ് അലി ഷിഹാബ് തങ്ങൾ, ബിഷപ്പുമാർ ഉൾപ്പടെ വിവിധ മതനേതാക്കളുമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുനമ്പം നിവാസികളുടെ കുടിയൊഴിപ്പിക്കൽ ഒഴിവാക്കാനുള്ള എല്ലാ ശ്രമവും ലീഗിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. വിഷയത്തിൽ അന്തിമ പരിഹാരം കാണുന്നത് വരെ ആ ശ്രമം തുടരുമെന്നും ഹർജിയിൽ വിശദീകരിച്ചിട്ടുണ്ട്.

പാർലമെന്റ് പാസാക്കിയ വഖഫ് ഭേദഗതി നിയമത്തിന് മുനമ്പം വിഷയം പരിഹരിക്കാൻ കഴിയില്ലെന്നാണ് തങ്ങളുടെ വിശ്വാസമെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സംസ്ഥാന സർക്കാരാണ് പ്രശ്നത്തിന് രമ്യമായ പരിഹാരം കാണേണ്ടത്. പ്രശ്നപരിഹാരത്തിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് എല്ലാ പിന്തുണയും നൽകുമെന്നും മുസ്ലിം ലീഗ് സുപ്രീം കോടതിയെ അറിയിച്ചു.

മുസ്ലിം ലീഗിന് വേണ്ടി സീനിയർ അഭിഭാഷകൻ കപിൽ സിബൽ, അഭിഭാഷകനും രാജ്യസഭാ അംഗവും ആയ ഹാരിസ് ബീരാൻ എന്നിവരാണ് സുപ്രീം കോടതിയിൽ ഹാജരാകുന്നത്

കോർട്ട് ഫീസ് വർദ്ധനവിനെതിരെ പ്രതിഷേധം

ഇരിങ്ങാലക്കുട: കേരള സർക്കാരിന്റെ അന്യായമായ കോർട്ട് ഫീസ് വർദ്ധനവിന് എതിരായി ഭാരതീയ അഭിഭാഷക പരിഷത്ത് സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രതിഷേധ പരിപാടിയുടെ ഭാഗമായി ഇരിഞ്ഞാലക്കുട യൂണിറ്റ് ഗസറ്റ് വിജ്ഞാപനത്തിന്റെ കോപ്പികൾ കത്തിച്ചു.

ഇരിങ്ങാലക്കുട ബാർ അസോസിയേഷന് മുൻപിൽ രാവിലെ 10.30ന് കൂടിയ പ്രതിഷേധ യോഗത്തിൽ അഭിഭാഷക പരിഷത്ത് തൃശൂർ ജില്ലാ പ്രസിഡന്റ് അഡ്വ. എ.എസ്. സന്തോഷ്കുമാർ ഗസറ്റിന്റെ കോപ്പിക്ക് തീകൊളുത്തി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ.ആർ. ഷാജു, സെക്രട്ടറി ഇന്ദുചൂഡൻ, ജില്ലാ വൈസ് പ്രസിഡന്റ് ടി.കെ.മധു, യൂണിറ്റ് വൈസ് പ്രസിഡന്റ് ഒ.കെ. ജയരാജ് എന്നിവർ സംസാരിച്ചു.

ദിലീപിന് തിരിച്ചടി; നടിയെ ആക്രമിച്ച കേസിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി തള്ളി

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ നടൻ ദിലീപിന് തിരിച്ചടി. സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ദിലീപിന്റെ ഹർജി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. വിചാരണ അവസാന ഘട്ടത്തിലെത്തിയെന്നത് വിലയിരുത്തിയാണ് ഹർജി തള്ളിയത്. നേരത്തെ ഹൈക്കോടതി സിംഗിൾ ബെഞ്ച് ഹർജി തള്ളിയതിനെതിനെ തുടർന്നാണ് ദിലീപ് ഡിവിഷൻ ബെഞ്ചിനെ സമീപിച്ചത്.

കേസിൽ നിഷ്പക്ഷ അന്വേഷണത്തിന് കേന്ദ്ര ഏജൻസി വേണമെന്ന് ആവശ്യപ്പെട്ട് നാലുവർഷം മുമ്പാണ് ദിലീപ് ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ, കേസിന്റെ വിചാരണക്കിടെ കോടതി ദിലീപിനെ രൂക്ഷമായി വിമർശിച്ചിരുന്നു. കേസിന്റെ നടപടിക്രമങ്ങൾ നീട്ടുന്നതിനായാണ് സിബിഐ അന്വേഷണം ആവശ്യപ്പെടുന്നതെന്ന് കോടതി നിരീക്ഷിച്ചു. കേസിന്റെ വിചാരണ ഏത് ഘട്ടത്തിലാണെന്നും കോടതി സർക്കാരിനോട് ചോദിച്ചിരുന്നു. കേസിന്റെ അന്തിമവാദം കേട്ടതിന് ശേഷമാണ് കോടതി ദിലീപിന്റെ ആവശ്യം തള്ളുകയും ഹർജി തീർപ്പാക്കുകയും ചെയ്തത്.

കേസ് ഏത് ഏജൻസി അന്വേഷിക്കണമെന്ന് പ്രതിക്ക് ആവശ്യപ്പെടാനാകില്ലെന്ന് വ്യക്തമാക്കിയാണ് നേരത്തെ ദിലീപിന്റെ ഹർജി സിംഗിൾ ബെഞ്ച് തള്ളിയത്.

നടിയെ അക്രമിച്ച കേസുമായി ബന്ധപ്പെട്ട് വിചാരണ നടപടികൾ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ അവസാനഘട്ടത്തിലാണ്. അന്തിമവാദം പൂർത്തിയാക്കി ജൂണിൽ വിധി പുറപ്പെടുവിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വഖഫ് ഹർജികൾ അടിയന്തരമായി കേൾക്കണമെന്ന് ലീഗ്; ഉച്ചക്ക് തീരുമാനിക്കാമെന്ന് ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: വഖഫ് നിയമ ഭേദഗതിയുടെ ഭരണഘടന സാധുത ചോദ്യംചെയ്ത് നൽകിയ ഹർജികൾ അടിയന്തരമായി പരിഗണിക്കണമെന്ന് മുസ്ലിം ലീഗ് സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടു. തുടർന്ന് ഹർജികൾ പരിഗണിക്കുന്ന തീയതി ഇന്ന് ഉച്ചക്ക് ശേഷം തീരുമാനിക്കുമെന്ന് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

മുസ്ലിം ലീഗിനുവേണ്ടി സീനിയർ അഭിഭാഷകൻ കപിൽ സിബലും അഭിഭാഷകൻ ഹാരിസ് ബീരാനുമാണ് ഹർജികൾ അടിയന്തിരമായി കേൾക്കണമെന്ന് ആവശ്യപ്പെട്ടത്. രാവിലെ പി.കെ കുഞ്ഞാലികുട്ടി, ഇ.ടി മുഹമ്മദ് ബഷീർ, ഹാരിസ് ബീരാൻ തുടങ്ങിയവർ കപിൽ സിബലുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഈ കൂടിക്കാഴ്ചയിലാണ് ഹർജി അടിയന്തരമായി കേൾക്കണമെന്ന ആവശ്യം കോടതിയിൽ ഉന്നയിക്കാൻ തീരുമാനമായത്.

ഹർജി അടിയന്തിരമായി കേൾക്കണമെന്ന് ആവശ്യപ്പെട്ട് സമസ്തയും സുപ്രീം കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. സമസ്തയ്ക്കുവേണ്ടി സീനിയർ അഭിഭാഷകൻ അഭിഷേക് മനു സിംഗ്വിയും അഭിഭാഷകൻ സുൾഫിക്കർ അലിയും ആണ് സുപ്രീം കോടതിയിൽ ഹാജരായത്.

ട്രംപിന്റെ താരിഫ് പ്രഖ്യാപനം; അടിതെറ്റി ഓഹരിവിപണി,നിക്ഷേപകർക്ക് നഷ്ടം 19 ലക്ഷം

വാഷിംഗ്ടൺ: ട്രംപിന്റെ താരിഫ് പ്രഖ്യാപനത്തിന്റെ ആഘാതത്തിലാണ് ഓഹരി വിപണി. കനത്ത തകർച്ചയാണ് ഏഷ്യൻ ഓഹരി വിപണികൾ നേരിട്ടത്.

ജപ്പാന്റെ നിക്കി സൂചിക 8.8 ശതമാനത്തോളമാണ് ഇടിഞ്ഞത്. ഒന്നരവർഷത്തെ താഴ്ന്ന നിലവാരത്തിലേക്കാണ് സൂചിക പതിച്ചത്. ചൈനീസ് വിപണിയിലും കനത്ത തകർച്ചയുണ്ടായി.

ഇന്ത്യൻ ഓഹരിവിപണിയിലും വൻ ഇടിവുണ്ടായി. രാവിലത്തെ വ്യാപാരത്തിനിടെ സെൻസെക്സിന് മൂവായിരത്തോളം പോയിന്റ് നഷ്ടമായി. നിഫ്റ്റി ഇരുപത്തിയൊന്നായിരത്തി എണ്ണൂറിന് താഴെയെത്തി. രൂപയുടെ മൂല്യവും ഇടിഞ്ഞു. ബിഎസ്ഇ മിഡ്ക്യാപ്, സ്മോൾ ക്യാപ് സൂചികകൾക്ക് 10 ശതമാനത്തിലേറെ നഷ്ടമായി. നിക്ഷേപകരുടെ സമ്പത്തിൽ നിമിഷനേരം കൊണ്ട് അപ്രത്യക്ഷമായത് 19 ലക്ഷം കോടി രൂപ. ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത മൊത്തെ കമ്പനികളുടെ വിപണിമൂല്യം 383.95 ലക്ഷം കോടിയിലേക്ക് താഴ്ന്നു.

മലേഷ്യൻ സൂചികകളും നാല് ശതമാനത്തിലധികം ഇടിഞ്ഞ് 16 മാസത്തിലെ താഴ്ന്ന നിലവാരത്തിലേക്കെത്തി. തായ്‌വാൻ വിപണിയിലും 10 ശതമാനം തകർച്ചയുണ്ടായി.

തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

തൃശൂർ: തൃശൂർ സ്റ്റേഡിയത്തിനു സമീപമുള്ള മരത്തിൽ മദ്ധ്യ വയസ്കനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കോലോത്തുംപാടം സ്വദേശി ചിറ്റപറമ്പിൽ രമേശിനെ (54) ആണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

സീരിയസ് പ്രശ്നങ്ങളില്ല: മമ്മൂട്ടിയുടെ ആരോഗ്യത്തെ പറ്റി ബാദുഷ

കൊച്ചി: മമ്മൂട്ടിയുടെ ആരോഗ്യം സംബന്ധിച്ച വാർത്തകൾ അടുത്തിടെ മലയാള സിനിമ ലോകത്ത് വലിയ ചർച്ചയായിരുന്നു. എമ്പുരാൻ പ്രമോഷൻ പരിപാടിക്കിടെ മമ്മൂട്ടി സുഖമായിരിക്കുന്നുവെന്നും ഭയപ്പെടേണ്ട ആവശ്യമില്ല എന്നും മോഹൻലാൽ പറഞ്ഞതും ശ്രദ്ധ നേടിയിരുന്നു. പറയുന്ന പോലെ വലിയ ആരോഗ്യപ്രശ്നങ്ങൾ മമ്മൂട്ടിക്ക് ഇല്ലെന്നും സാധാരണ ആളുകൾക്ക് വരുന്നതുപോലെയുള്ള പ്രശ്?നങ്ങളെ ഉള്ളുവെന്നും പറയുകയാണ് നിർമാതാവ് എം.എൻ.ബാദുഷ.

സുകാന്തിന്റെ വീട്ടിൽ റെയ്ഡ്; പെൺകുട്ടിയെ പലയിടങ്ങളിൽ കൊണ്ടുപോയതിന്റെ രേഖകളും ലാപ്ടോപ്പും കണ്ടെത്തി

മലപ്പുറം: തിരുവനന്തപുരം വിമാനത്താവള ഐബി ഉദ്യോഗസ്ഥയുടെ മരണം സംബന്ധിച്ച കേസിലെ പ്രതി സുകാന്തിന്റെ വീട്ടിൽ പോലീസ് റെയ്ഡ്. ഇന്നലെ രാത്രിയാണ് തിരുവനന്തപുരം പോലീസ് റെയ്ഡ് നടത്തിയത്. വീട്ടിൽനിന്ന് തെളിവുകൾ കണ്ടെടുത്തതായാണ് വിവരം. അതേസമയം, സുകാന്ത് എവിടെ എന്ന് ഇതുവരെ പോലീസിന് കണ്ടെത്താനായിട്ടില്ല.

സുകാന്തിന്റെ മലപ്പുറത്തെ വീട്ടിലാണ് പോലീസ് റെയ്ഡ് നടത്തിയത്. തിരുവനന്തപുരത്ത് നിന്നെത്തി മലപ്പുറത്ത് ക്യാമ്പ് ചെയ്യുന്ന പോലീസാണ് റെയ്ഡ് നടത്തിയത്. കേസുമായി ബന്ധപ്പെട്ട് ആദ്യമായിട്ടാണ് പോലീസ് സുകാന്തിന്റെ വീട്ടിൽ പരിശോധന നടത്തിയത്. വീട്ടിൽനിന്ന് സുകാന്തിന്റെ ലാപ്ടോപ്പ്, മൊബൈൽ ഫോൺ, ഡയറികൾ, യാത്രാ രേഖകൾ തുടങ്ങിയവ ലഭിച്ചതായാണ് വിവരം. സുകാന്തിനെ കണ്ടെത്താൻ സംഘങ്ങളായി തിരിഞ്ഞ് വ്യാപകമായി തിരച്ചിൽ നടത്തുകയാണ്.

ഐബി ഉദ്യോഗസ്ഥയെ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി എന്ന് തെളിയിക്കുന്ന യാത്രാരേഖകളാണ് ലഭിച്ചതെന്നാണ് വിവരം. മൊബൈൽ ഫോണിൽനിന്ന് ചാറ്റുകളും ലാപ്ടോപിൽനിന്ന് കേസുമായി ബന്ധിപ്പെട്ട തെളിവുകളും ലഭിക്കുമെന്നാണ് അന്വേഷണ സംഘം കരുതുന്നത്.

മാർച്ച് 24-നാണ് പേട്ട റെയിൽവേ മേൽപ്പാലത്തിന് സമീപം ഐബി ഉദ്യോഗസ്ഥയെ തീവണ്ടി തട്ടി മരിച്ചനിലയിൽ കണ്ടെത്തിയത്. സംഭവത്തിൽ അസ്വാഭാവിക മരണത്തിനാണ് പോലീസ് ആദ്യം കേസെടുത്തിരുന്നത്. എന്നാൽ, യുവതിയുടെ മരണത്തിന് പിന്നാലെ സഹപ്രവർത്തകനായ സുകാന്തിനെതിരേ കുടുംബം പരാതി നൽകിയിരുന്നു.

യുവതിയെ സുകാന്ത് സാമ്പത്തികമായി ചൂഷണംചെയ്തെന്നായിരുന്നു കുടുംബം ആദ്യം ഉന്നയിച്ച പരാതി. പിന്നാലെ, യുവതിയെ ലൈംഗികമായി പീഡിപ്പിച്ചതിന്റെയും തെളിവുകൾ കൈമാറി. കഴിഞ്ഞദിവസം പേട്ട പോലീസ് സ്റ്റേഷനിൽ നേരിട്ടെത്തി യുവതിയുടെ പിതാവ് തന്നെയാണ് തെളിവുകൾ കൈമാറിയത്. ഇതിനു പിന്നാലെയാണ് പോലീസ് ബലാത്സംഗക്കുറ്റം ഉൾപ്പെടെ ചുമത്തി സുകാന്തിനെതിരേ കേസെടുത്തത്.

മലപ്പുറം സ്വദേശിയായ സുകാന്ത് യുവതിയുമായി സൗഹൃദം സ്ഥാപിച്ച് പലതവണകളായി പണം കൈക്കലാക്കിയെന്നാണ് കണ്ടെത്തൽ. ചെന്നൈയിലും കൊച്ചിയിലും കൊണ്ടുപോയി യുവതിയെ ചൂഷണംചെയ്തതായും പരിക്കേൽപ്പിച്ചതായും പോലീസ് കണ്ടെത്തിയിരുന്നു.

യുവതിയുടെ മരണത്തിന് പിന്നാലെ സുകാന്ത് ഒളിവിൽ പോയിരിക്കുകയാണ്. നേരത്തേ ഇയാളുടെ മലപ്പുറം എടപ്പാളിലെ വീട്ടിൽ പോലീസ് സംഘം പരിശോധനയ്ക്ക് എത്തിയെങ്കിലും വീട് അടച്ചിട്ടനിലയിലായിരുന്നു.

VEHICLE FOR SALE

SHRIRAM FINANCE LTD.

2nd Floor, Arya Tower, Above Union Bank of India
WADAKKANCHERY, THRISSUR-680582
Mob: 9539

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ദിലീപ് മുഖർജി അനുസ്മരണം നടത്തി

തൃശൂർ: ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ സംഘടനയായ AIRRBEA സെക്രട്ടറി ജനറൽ ആയിരുന്ന അന്തരിച്ച ദിലീപ് കുമാർ മുഖർജിയുടെ അനുസ്മരണം KGBEU, KGBOU, KGBRF, BEFI നേതൃത്വത്തിൽ സംഘടിപ്പിച്ചു. NGO യൂണിയൻ ഹാളിൽ നടന്ന അനുസ്മരണ പരിപാടി കേന്ദ്രസർക്കാർ ജീവനക്കാരുടെ കോൺഫെഡറേഷൻസംസ്ഥാന ജനറൽ സെക്രട്ടറി വി. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി പി.ടി.മോഹനചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. കെ.എം.മോഹൻകുമാർ അനുസ്മരണ പ്രഭാഷണം നടത്തി. സംസ്ഥാന കമ്മറ്റിയംഗം ബി.സ്വർണ്ണകുമാർ, ജില്ലാ സെക്രട്ടറി വി.കെ.ജയരാജൻ, പ്രസിഡന്റ് എ.ജയൻ, ടി.ടി. അനിൽകുമാർ, ജിബിൻജോസഫ്, എ.എ.ഷാജു, പി.ബാലൻ തുടങ്ങിയവർ സംസാരിച്ചു. വിനീത് ജോർജ് സ്വാഗതവും എ.പ്രേമകുമാരി നന്ദിയും പറഞ്ഞു.

പുതുക്കാട് : മാലിന്യമുക്തം നവകേരളം കൊടകര ബ്ലോക്ക് തലത്തിൽ മികച്ച റസിഡൻഷ്യൽ അസോസിയേഷനായി തെരെത്തെടുത്ത പുതുക്കാട് ഗ്രാമ പഞ്ചായത്ത് വാർഡ് 12ലെ ഗാന്ധിനഗർ റസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികളായ ഷാജു കാളിയേങ്കര, എ എൽ ജോയ്, റൂബി ഡേവീസ്, തങ്കമ്മ ആന്റോ, കൃപ ഷാജു ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈനി ജോജു എന്നിവർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എം ചന്ദ്രനിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു.

വാർത്താച്ചുരുക്കം

* ഹാർമണി സ്കൂൾ ഓഫ് മ്യൂസികിന്റെ പതിനഞ്ചാമത് അഖില കേരള സംഗീത മത്സരം സാഹിത്യ അക്കാദമിയിൽ നടന്നു
* ഭാരതീയ വിദ്യാവിഹാർ - കുടുംബ സംഗമം - രംഗോത്സവം - കേച്ചേരി മഴുവഞ്ചേരി ആസ്ഥാനത്ത് നടന്നു
* കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ 33ാം തൃശൂർ ജില്ലാ സമ്മേളനം 7, 8 തീയതികളിൽ വടക്കാഞ്ചേരി അനുഗ്രഹ ഓഡിറ്റോറിയത്തിൽ വിപുല പരിപാടികളോടെ നടക്കും
* എയ്ഡഡ് മേഖലയിലെ ഭിന്നശേഷി നിയമനം സർക്കാർ ഏറെ റടുത്ത തുൾപ്പെടെ ഭിന്നശേഷി ക്കാരോട് സർക്കാർ കാട്ടുന്ന കരുതലിന് അഭിനന്ദനം. ഭിനശേഷി വെൽഫെയർ ഫെഡറേഷനാണ് അഭിനന്ദനം രേഖപ്പെടുത്തിയത
* ആശാ വർക്കർമാരുടെ സമരം ഒത്തുതീർക്കണമെന്ന് സാഹിത്യകാരി സാറാ ജോസഫ് ആവശ്യപ്പെട്ടു.
* ടൂർ പ്രോഗ്രാം ഫലപ്രദമായി നടത്തി മാതൃക കാട്ടിയ ബിസ്മി ടൂർസ് കോർഡിനേറ്റർ എ യു. മുഹമ്മദിനെ, കേരള ടൂറിസ്റ്റ് ഓർഗനൈസ് അസോസിയേഷൻ തൃശൂർ ജില്ലാ കമ്മറ്റി ആദരിച്ചു

പുതിയ തലമുറയെ ലഹരിക്ക് വിട്ട് കൊടുക്കാതെ സമൂഹത്തിനു കരുതലാകുന്നു ജവഹർ ബാൽ മഞ്ച് : അഡ്വ. ജോസഫ് ടാജറ്റ്

പുത്തൂർ: 'ജീവിതമാണ് ലഹരി വിജയമാകണം ലക്ഷ്യം' ജവഹർ ബാൽ മഞ്ച് തൃശ്ശൂർ ജില്ലാ കമ്മിറ്റി കുട്ടികൾക്കായി സംഘടിപ്പിച്ച 'കുട്ടിക്കൂട്ടം' ജില്ലാ ക്യാമ്പ് പുത്തൂർ പുഴയോരം കൺവെൻഷൻ സെന്ററിൽ തൃശ്ശൂർ ഡിസിസി പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റ് ഉദ്ഘാടനം ചെയ്തു.

പുതുതലമുറയ്ക്ക് നേരിന്റെയും, നന്മയുടെയും, ജീവിത വിജയത്തിന്റെയും വഴി കാണിച്ച് കൊടുത്ത് കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്ന കോൺഗ്രസിന്റെ എ ഐസിസി ഡിപ്പാർട്മെന്റ് ആയ ജവഹർ ബാൽ മഞ്ചിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് ബാൽ മഞ്ച് ജില്ലാ ക്യാമ്പ് 'കുട്ടിക്കൂട്ടം' ഉത്ഘാടനം ചെയ്തു കൊണ്ട് ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി അദ്ധ്യക്ഷൻ അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു.

ജവഹർ ബാൽ മഞ്ച് ജില്ലാ ചെയർമാൻ അഡ്വ.എൻ.ഗിരീഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ യുഡിഎഫ് ചെയർമാൻ ടി വി ചന്ദ്രമോഹൻ മുഖ്യാതിഥി ആയിരുന്നു. എം.പി വിൻസെന്റ് എക്സ്.എംഎൽഎ മുഖ്യപ്രഭാഷണം നടത്തി.

രാവിലെ 9 മണിക്ക് പാതാക ഉയർത്തി ക്യാമ്പ് ആരംഭിച്ചു. ജില്ലയിൽ നിന്നും 13 - നും 18 നും ഇടക്ക് പ്രായമുള്ള നാന്നൂറോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ലഹരിവിരുദ്ധ പ്രവർത്തങ്ങളിൽ കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന്റെ ഭാഗമായി ക്യാമ്പിൽ 'ജീവിതമാണ് ലഹരി വിജയമാകണം ലക്ഷ്യം' ലഹരിയോട് നോ പറയാം എന്ന ആശയത്തിൽ സിഗ്നേച്ചർ ക്യാമ്പയിൻ നടത്തി, ശേഷം കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞയും എടുത്തു.

മികച്ച പഠന-കലാ-കായിക വിഷയങ്ങളിൽ ജില്ലാ-സംസ്ഥാന തലത്തിൽ സമ്മാനർഹരായ കുട്ടികളേയും ബാൽ മഞ്ചിന്റെ പ്രവർത്തകരെയും എം.പി വിൻസെന്റ് എക്സ് എംഎൽഎ മൊമെന്റോ നൽകി ആദരിച്ചു.

ജവഹർ ബാൽ മഞ്ച് സംസ്ഥാന കോർഡിനേറ്റർ സുരേഷ് കെ. കരുൺ, ജില്ലയിൽ നിന്നുള്ള കെപിസിസി സെക്രട്ടറിമാരായ അഡ്വ.ഷാജി കോടങ്കണ്ടത്ത്, രാജേന്ദ്രൻ അരങ്ങത്ത്, ഡിസിസി സെക്രട്ടറിമാരായ എം.എൽ ബേബി, സജീവൻ കുരിയച്ചിറ, ഉസ്മാൻ ഖാൻ, ചന്ദ്രാനന്ദ്, JBM ജില്ലാ കോർഡിനേറ്റർമാർ -ബ്ലോക്ക്-മണ്ഡലം ചെയർമാൻമാർ തുടങ്ങിയവർ പങ്കെടുത്തു ക്യാമ്പിന് നേതൃത്വം നൽകി.

ഇന്റർനാഷ്ണൽ ട്രെയ്നർ എഡിസൺ ഫ്രാൻസ്, റിട്ട. എസ്.ഐ. സുവ്രത കുമാർ, ജോമി പി.എൽ, റോമ വശ്വാനി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ കുട്ടികൾക്കായി ക്ലാസ്സുകൾ നയിച്ചു.

ശനിയാഴ്ച്ച രാവിലെ 9 മണിക്ക് പുത്തൂർ പുഴയോരം കൺവൻഷൻ സെന്ററിൽ ആരംഭിച്ച ക്യാമ്പ് വൈകുന്നേരം 6.30 ന് മാസ്റ്റർ പോൾ ചാക്കോ ഷിബുവിന്റെ കീ ബോർഡിലൂടെയുള്ള നാഷ്ണൽ ആന്റത്തോടെ പര്യവസാനിച്ചു.

ഏകദിനശില്പശാല അക്ഷരായനം

തൃശൂർ : അക്ഷരായനം കൂട്ടായ്മയുടെ ഉപഗ്രൂപ്പായ ചിത്രായനം തൃശൂർ കോർപ്പറേഷൻ നെഹ്റു പാർക്കിൽ സംഘടിപ്പിച്ച കുട്ടികൾക്കുള്ള മൊബൈൽ ഫോട്ടോഗ്രാഫി ഏകദിനശില്പശാല അക്ഷരായനം ജനറൽ കൺവീനർ ഡോ. ബെന്നി ജേക്കബ്, ക്യാമ്പംഗങ്ങളായ സായി കൃഷ്ണ, അഭിനന്ദ ജയദീപ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. മായ വിനോദ് അധ്യക്ഷത വഹിച്ചു.

സ്നാപ് സെൻസ് ന്റെ സമാപനയോഗത്തിൽ പ്രശസ്ത ഫോട്ടോഗ്രാഫർ ഉണ്ണി കോട്ടയ്ക്കൽ വിശിഷ്ടാതിഥിയായി. ഫോട്ടോഗ്രാഫി ചരിത്രത്തിന്റെ രേഖപ്പെടുത്തലാണെന്നും പുതു തലമുറ ചരിത്രം യാഥാർത്ഥ്യമായി ചിത്രീകരിക്കാൻ ബാധ്യസ്ഥരാണെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ KFRA ശാസ്ത്രജ്ഞൻ ടി.വി. സജീവ് മുഖ്യാതിഥിയായി. ക്യാമ്പ് കോ. ഓർഡിനേറ്റർ റിൻസി ജെ പുളിക്കൻ സ്വാഗതവും സിൽജ മോഹനം നന്ദിയും പറഞ്ഞു. ഇ നാരായണി, ബിന്ധ്യ ടി.കെ എന്നിവർ സംസാരിച്ചു. അനു തിരൂർ, പ്രബിൻ പോൾ, സ്റ്റാൻലി ജോൺസൺ എന്നിവർ ക്ളാസ്സുകൾ നയിച്ചു. ഫോട്ടോഗ്രാഫി മത്സര വിജയിയായി മാനസ് സി.എസ് തെരഞ്ഞെടുക്കപ്പെട്ടു.ക്യാമ്പിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു

കോട്ടപ്പടി അഭയ ഭവൻ വയോജന കേന്ദ്രത്തിലേക്ക് ഭക്ഷണ കിറ്റുകൾ നൽകി

ഗുരുവായൂർ: വിഷു, ഈസ്റ്റർ, ചെറിയ പെരുന്നാളിനോടനുബന്ധിച്ച് കോട്ടപ്പടി അഭയ ഭവൻ വയോജന കേന്ദ്രത്തിലേക്ക് ഭക്ഷ്യവസ്തുക്കൾ നൽകി കൈത്താങ്ങായി. കെ പി ജി ഡി ഗുരുവായൂർ നിയോജക മണ്ഡലം ചെയർമാൻ ശശിധരൻ വൈലത്തൂർ, കസ്തൂർബാ ഗാന്ധി ദർശൻ വേദി ജില്ലാ വൈസ് ചെയർപേഴ്സൺ ഷൈലജ വിശ്വനാഥൻ എന്നിവർ ചേർന്ന് അഭയ ഭവൻ ഡയറക്ടർ ഫാ. ഷൈജു കാട്ടിൽ കിറ്റുകൾ കൈമാറി. ചടങ്ങിൽ കുന്നംകുളം നിയോജകമണ്ഡലം ചെയർമാൻ വി. എം രാജേഷ്, ജില്ലാ ജനറൽ സെക്രട്ടറി അഖിൽ എസ് നായർ, അഭയ ഭവൻ കുടുംബാംഗങ്ങൾ എന്നിവരും പങ്കെടുത്തു.

ബിജെപി സ്ഥാപനദിനം പതാക ഉയർത്തലും മധുരം വിതരണവും



ഇരിങ്ങാലക്കുട: ബിജെപി സ്ഥാപനദിനം സമുചിതമായി ഇരിങ്ങാലക്കുടയിൽ ആചരിച്ചു. പാർട്ടി മണ്ഡലം ആസ്ഥാനത്ത് മണ്ഡലം പ്രസിഡണ്ട് ആർച്ച അനീഷ് പതാക ഉയർത്തി.തുടർന്ന് നടന്ന യോഗം മുൻ മണ്ഡലം പ്രസിഡണ്ട് കൃപേഷ് ചെമ്മണ്ട ഉത്ഘാടനം ചെയ്തു. പഞ്ചായത്ത്,എരിയ, ബൂത്ത് കേന്ദ്രങ്ങളിൽ അതാത് അദ്ധ്യക്ഷന്മാർ പതാക ഉയർത്തൽ നടത്തി.

മധുരം വിതരണം ചെയ്തു.മണ്ഡലം ആസ്ഥാനത്തെ പരിപടി മണ്ഡലം ജന:സെക്രട്ടറിമാരായ ഷൈജു കുറ്റിക്കാട്ട്,വി സി രമേഷ്, ഭാരവാഹികളായ രാമചന്ദ്രൻ കോവിൽ പറമ്പിൽ,ജോജൻ കൊല്ലാട്ടിൽ,രമേഷ് അയ്യർ, സെബാസ്റ്റ്യൻ ചാലിശ്ശേരി,രാഖി മാരാത്ത്, നേതാക്കളായ രാജൻ കുഴുപ്പുള്ളി, ടി ഡി സത്യദേവ്,ശ്യാംജി മാടത്തിങ്കൽ, ഇ കെ അമരദാസ് എന്നിവർ നേതൃത്വം നൽകി

പന്നിത്തടം ഹോട്ടൽ ആക്രമണം : ശക്തമായ നടപടി വേണം: കെ. എച്ച്. ആർ.എ

കുന്ദംകുളം : പന്നിത്തടത്ത് ഹോട്ടൽഅൽ ജിദ്യയ്ക്കു നേരെ നടന്ന സാമൂഹ്യ വിരുദ്ധരുടെ ആക്രമണത്തിൽ കെ.എച്ച്. ആർ.എ കുന്നംകുളം മേഖല കമ്മറ്റി പ്രതിഷേധിച്ചു.

പ്രസിഡണ്ട് സുന്ദരൻ നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന കമ്മറ്റി അംഗം പ്രേംരാജ് ചൂണ്ടലത്ത് , ഷറഫു പന്നിത്തടം, ഫിയാസ്, ഷമീർ, സുരേഷ്, അഷ്റഫ് എന്നിവർ പ്രസംഗിച്ചു.

സാമൂഹ്യവിരുദ്ധർക്കെതിരെ പോലീസ് ശക്തമായ നടപടികൾ എടുത്ത് മേഖലയിൽ സുരക്ഷിത വ്യാപാര സാഹചര്യം ഒരുക്കണമെന്ന് പ്രതിഷേധ യോഗം ആവശ്യപ്പെട്ടു

ഇരിങ്ങാലക്കുട ബിഷപ്പിനെ സന്ദർശിച്ചു ചർച്ച നടത്തി

ഇരിങ്ങാലക്കുട: കല്ലേറ്റുംകരയിലെ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ വികസന സമിതിയുടെ ജനകീയ മഹാഹർജി ഒപ്പുശേഖരണത്തിന് പിന്തുണ ആവശ്യപ്പെട്ട് സമരസമിതി പ്രവർത്തകർ ഇരിങ്ങാലക്കുട രൂപത അധ്യക്ഷൻ മാർ പോളി കണ്ണൂക്കാടനെ സന്ദർശിച്ചു ചർച്ച നടത്തി.

ജനകീയ മഹാ ഹർജിയെ ശുപാർശ ചെയ്തു കൊണ്ട് രൂപത അധ്യക്ഷന്റെ പ്രത്യേക ഔദ്യോഗിക സന്ദേശം കേന്ദ്രസർക്കാരിനും റെയിൽവേ അധികൃതർക്കും കൈമാറുന്നതിനായി സമിതിയെ ഏൽപ്പിക്കാമെന്ന് അദ്ദേഹം വാഗ്ദാനം നൽകി. സമരസമിതി പ്രസിഡന്റ് വർഗ്ഗീസ് പന്തല്ലൂക്കാരൻ, വർക്കിംഗ് പ്രസിഡന്റ് കെ.എഫ്. ജോസ്, വൈസ് പ്രസിഡന്റ് സോമൻ ശാരദാലയം, ഡേവിസ് തുളുവത്ത്, ഡേവിസ് ഇടപ്പിള്ളി എന്നിവരാണ് ബിഷപ്പിനെ സന്ദർശിച്ച് ചർച്ച നടത്തിയത്.

മൊബൈൽ ഫോട്ടോഗ്രാഫി ഏകദിനശില്പശാല

തൃശൂർ : അക്ഷരായനം കൂട്ടായ്മയുടെ ഉപഗ്രൂപ്പായ ചിത്രായനം തൃശൂർ കോർപ്പറേഷൻ നെഹ്റു പാർക്കിൽ സംഘടിപ്പിച്ച കുട്ടികൾക്കുള്ള മൊബൈൽ ഫോട്ടോഗ്രാഫി ഏകദിനശില്പശാല അക്ഷരായനം ജനറൽ കൺവീനർ ഡോ. ബെന്നി ജേക്കബ്, ക്യാമ്പംഗങ്ങളായ സായി കൃഷ്ണ , അഭിനന്ദ ജയദീപ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. മായ വിനോദ് അധ്യക്ഷത വഹിച്ചു.

സ്നാപ് സെൻസ് ന്റെ സമാപനയോഗത്തിൽ പ്രശസ്ത ഫോട്ടോഗ്രാഫർ ഉണ്ണി കോട്ടയ്ക്കൽ വിശിഷ്ടാതിഥിയായി. ഫോട്ടോഗ്രാഫി ചരിത്രത്തിന്റെ രേഖപ്പെടുത്തലാണെന്നും പുതു തലമുറ ചരിത്രം യാഥാർത്ഥ്യമായി ചിത്രീകരിക്കാൻ ബാധ്യസ്ഥരാണെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഗഎഞഅ ശാസ്ത്രജ്ഞൻ ടി.വി. സജീവ് മുഖ്യാതിഥിയായി. ക്യാമ്പ് കോ. ഓർഡിനേറ്റർ റിൻസി ജെ പുളിക്കൻ സ്വാഗതവും സിൽജ മോഹനം നന്ദിയും പറഞ്ഞു. ഇ നാരായണി , ബിന്ധ്യ ടി.കെ എന്നിവർ സംസാരിച്ചു. അനു തിരൂർ, പ്രബിൻ പോൾ, സ്റ്റാൻലി ജോൺസൺ എന്നിവർ ക്ളാസ്സുകൾ നയിച്ചു. ഫോട്ടോഗ്രാഫി മത്സര വിജയിയായി മാനസ് സി.എസ് തെരഞ്ഞെടുക്കപ്പെട്ടു.ക്യാമ്പിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു

തെറ്റുകണ്ടാൽ രൂക്ഷമായ ഭാഷയിൽ വിമർശിക്കണം; പക്ഷേ വെറുതേ മെക്കിട്ടുകേറരുത്: വി.ഡി.സതീശൻ

തൃശൂർ: തിരുവനന്തപുരത്ത് നടന്ന ആശാവർക്കർമാരുടെ സമരത്തിൽ താൻ കൂടെയുണ്ടായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. അന്ന് ഞങ്ങളുടെ കൂടെയുള്ള ഒരു തൊഴിലാളി നേതാവ് അതിന് വിരുദ്ധമായി അവർക്ക് വേദനയുളവാകുന്ന രീതിയിൽ പ്രവർത്തിച്ചപ്പോൾ പ്രൊഫ. ജെ.ദേവിക എനിക്ക് തുറന്ന കത്തെഴുതിയിരുന്നു. രൂക്ഷമായ ഭാഷയിലാണ് അവർ കത്തെഴുതിയതെന്നു അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമിയിൽ നടന്ന സാറ ജോസഫ് അനുമോദനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'മാധ്യമങ്ങൾ ചോദിക്കുമ്പോൾ എനിക്ക് വേണമെങ്കിൽ അവരെ പരിഹസിച്ചു സംസാരിക്കാമായിരുന്നു. എന്നാൽ ഞാനതല്ല ചെയ്തത്. എന്നെ തിരുത്തിയതിന് ഞാൻ അവരെ വിളിച്ചു അഭിനന്ദിച്ചു. ഞാനല്ല തെറ്റ് ചെയ്തത്, എന്റെ കൂടെയുള്ള ഒരാളാണ്. എന്നിട്ടും ഞാനത് തിരുത്തുമെന്ന് പറഞ്ഞു. അതെനിക്ക് ഭയങ്കര സന്തോഷായി. അവർ ചൂണ്ടിക്കാണിച്ചു തന്ന കാര്യം തെറ്റാണെന്ന് തോന്നി -വി.ഡി.സതീശൻ പറഞ്ഞു.

ഞങ്ങളെ തിരുത്താൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കണം. ഞങ്ങൾക്ക് ചുറ്റും സ്തുതിപാഠകരെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ്. കേരളത്തിലെ എഴുത്തുകാർ, സാമൂഹിക പ്രവർത്തകർ, സാംസ്ക്കാരിക പ്രവർത്തകർ ഞങ്ങളെ രൂക്ഷമായ ഭാഷയിൽ വിമർശിക്കണം, പക്ഷെ വെറുതേ മെക്കിട്ടുകേറരുതെന്നും അദ്ദേഹം പറഞ്ഞു

ഫാദർ ഡേവിസ് ജോർജിനെ മത തീവ്രവാദികൾ ആക്രമിച്ചതിൽ ജനതാദൾ (എസ്) പ്രതിഷേധിച്ചു

തൃശൂർ: ജപൽപൂരിൽ മലയാളി മിഷനറി ജപൽപൂർ രൂപത വികാരി ജനറലുമായ ഫാദർ ഡേവിസ് ജോർജ്ജിനെ മതതീവ്രവാദികൾ ആക്രമിച്ചതിൽ അച്ഛന്റെ തറവാട് വീട് സന്ദർശിച്ച് ആക്രമണത്തിൽ ഇരയായ ഫാദർ ഡേവിസ് ജോർജിന്റെ സഹോദരനായ ജോബി തേറാട്ടിലിന്റെ വീട്ടുകാരെ ജില്ലാ ഭാരവാഹികൾ ആയ ജനതാദൾ (എസ്) തൃശ്ശൂർ ജില്ലാ പ്രസിഡന്റ് അഡ്വ സി. ടി ജോഫി, സംസ്ഥാന കമ്മറ്റി അംഗം ജോൺ വാഴപ്പിള്ളി, ജില്ലാ ജനറൽ സെക്രട്ടറി പ്രീജു ആന്റണി,ജില്ലാ വൈസ് പ്രസിഡന്റ് ജോസ് താണിക്കൽ,യുവജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് കെ. രഞ്ജിത്ത്, വിദ്യാർത്ഥി ജനത ജില്ലാ പ്രസിഡന്റ് സ്റ്റബിൻ ജോസഫ് , കിസ്സാൻ ജനത ജില്ലാ സെക്രട്ടറി എം. ഒ പൈലികുട്ടി എന്നിവർ ചെന്ന് കണ്ട് ആശ്വാശിപ്പിച്ചു. വൈദികരെ ആക്രമിച്ച മതതീവ്രവാദികൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ജപൽപൂർ ജില്ലാ കളക്ടറോടും പോലീസ് സൂപ്രണ്ടിനോടും ആവശ്യപ്പെട്ട് അടിയന്തിര സന്ദേശം നൽകി.

സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്

തൃശൂർ: മുക്കാട്ടുകര രാജീവ് ഗാന്ധി സാംസ്കാരിക വേദി ക്ലബിന്റെയും, ആത്രേയ ഹോസ്പിറ്റലിന്റെയും, ദൃശ്യം ഐ കെയർ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ മുക്കാട്ടുകര സെന്റ് ജോർജ്ജസ് സി.എൽ.പി. സ്കൂളിൽ വെച്ച് സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

മുക്കാട്ടുകര സെന്റ് ജോർജ്ജസ് ദൈവാലയത്തിലെ വികാരി റവ. ഫാ. പോൾ പിണ്ടിയാൻ ഉദ്ഘാടനം നിർവഹിച്ചു. ക്ലബ് പ്രസിഡണ്ട് സി.ഡി.സെബീഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്യാമള മുരളീധരനും, സെന്റ് ജോർജ്ജസ് സി. എൽ. പി. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൻസി മരിയ തുടങ്ങിയവർ മുഖ്യാതിഥികളായി. ജെൻസൻ ജോസ് കാക്കശ്ശേരി, സി.വി.ഷാജു, ജോൺ.സി.ജോർജ്ജ്, ഡോ. തോമസ് തോട്ടപ്പിള്ളി, അജീഷ് സത്യം വിശ്വം എന്നിവർ പ്രസംഗിച്ചു.

ക്യാമ്പിൽ ചെവി കേൾക്കുന്നതിന് സഹായകരമായ ശ്രവണ സഹായിയും, നിർധനരായ രോഗികൾക്ക് കണ്ണടയും സൗജന്യമായി നൽകി.

ജോസ് കുന്നപ്പിള്ളി, സി. ഡി.റാഫി, കെ.കെ.ആന്റോ, സി.കെ.ജോൺ, കെ.കെ.ശശി, ഇ.വി.വിൽസൻ, ടി.എ.ജോൺ, ടി.എ.ജോഷി, പി.എസ്.ജീസൺ, സി.പി.ബേബി, വിഷ്ണു വേണു, വിൽബിൻ വിൽസൻ, വിപിൻ തിമോത്തി എന്നിവർ നേതൃത്വം നൽകി.

കാസർകോട് 4പേർക്ക് വെട്ടേറ്റു; ആക്രമണം പടക്കം പൊട്ടിച്ചത് ചോദ്യംചെയ്തതിന്

കാസർകോട്: നാലാംമൈലിൽ വീടിന് സമീപത്ത് പടക്കം പൊട്ടിച്ചത് ചോദ്യംചെയ്തതിന് ആക്രമണം. നാലാംമൈലിലെ ഇബ്രാഹിം സൈനുദ്ദീൻ, മകൻ ഫവാസ്, ബന്ധുക്കളായ റസാഖ്, മുൻഷീദ് എന്നിവർക്കാണ് വെട്ടേറ്റത്. ഞായറാഴ്ച രാത്രി 11 മണിയോടെയായിരുന്നു സംഭവം.

അയൽവാസിയുടെ വീട്ടിൽ രണ്ടംഗസംഘം പടക്കം പൊട്ടിച്ചത് ഫവാസ് ചോദ്യം ചെയ്തിരുന്നു. ഇതിൽ പ്രകോപിതരായ സംഘം തിളച്ച ചായ ഫവാസിന്റെ മുഖത്തൊഴിച്ചു. ഇതിനുശേഷം ഇബ്രാഹിം എത്തി മകനെ വീട്ടിലേക്ക് കൊണ്ടുപോകുന്ന വഴിയിൽ വാഹനം തടഞ്ഞുനിർത്തിയായിരുന്നു പത്തംഗ സംഘത്തിന്റെ ആക്രമണം. കണ്ണിൽ പെപ്പർ സ്പ്രേ അടിച്ച ശേഷം ഫവാസിനെ ആക്രമികൾ കുത്തി വീഴ്ത്തുകയായിരുന്നു. വധശ്രമത്തിന് വിദ്യനഗർ പൊലീസ് കേസെടുത്തു. മൂന്നു പേരെ കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്തുവരികയാണ്.

നിര്യാതയായി ജാനു

പുന്നയൂർക്കുളം: ചമ്മന്നൂർ എം.എൻ കോളനിയിൽ താമസിക്കുന്ന താഴത്തയിൽ മാഞ്ചു ഭാര്യ ജാനു (65) നിര്യാതയായി. സംസ്കാരം ഇന്ന് (07 0425) വൈകിട്ട് 3 മണിയ്ക്ക് ആറ്റുപുറം വൈദ്യുത സ്മശാനത്തിൽ. മക്കൾ: സജീവ്, സന്ധ്യ, സജിനി. മരുമക്കൾ: സുന്ദരൻ, ബാബു

ശ്രീമദ് ഭാഗവത സപ്താഹ യജ്ഞത്തിന് തുടക്കമായി

ഇരിങ്ങാലക്കുട :ശ്രീ കൂടൽമാണിക്യം ക്ഷേത്ര സന്നിധിയിൽ ഏപ്രിൽ 13 വരെ നടക്കുന്ന ശ്രീമദ് ഭാഗവത സപ്താഹ യജ്ഞത്തിന് തുടക്കമായി. കൂടൽമാണിക്യം ക്ഷേത്രത്തിന്റെ ശീലകത്തു നിന്നും കൊട്ടിലാക്കൽ ഗണപതി ക്ഷേത്രത്തിന്റെ ശ്രീലകത്തു നിന്നും കൊണ്ടുവന്ന ദീപം കുമാരി ആശ സുരേഷിന്റെ അഷ്ടപദിയോടെ സപ്താഹാചാര്യൻമാർ വേദിയിലെ വിളക്കിൽ തെളിയിച്ചു കൊണ്ടാണ് സപ്താഹത്തിന്ന് തുടക്കം കുറിച്ചത്. ദേവസ്വം ചെയർമാൻ അഡ്വ. സി.കെ. ഗോപി ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ദേവസ്വം മെംബർ ഡോ. മുരളി ഹരിതം സപ്താഹ നടത്തിപ്പിനേക്കുറിച്ച് ആമുഖ ഭാഷണം നടത്തി.

കൂടൽമാണിക്യം ദേവസ്വം മെംബർമാരായ അഡ്വ. അജയ് കുമാർ സ്വാഗതവും, രാഘവൻ മുളങ്ങാടൻ നന്ദിയും പറഞ്ഞു. യജ്ഞാചാര്യൻ വയപ്പുറം വാസുദേവ പ്രസാദ് നമ്പൂതിരി ശ്രീമദ് ഭാഗവത മാഹത്മ്യ പ്രഭാഷണം നടത്തി. സഹാചാര്യൻമാരായ മായാ മേനോൻ. മടാശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവരും ഭാഗവത പാരായണം നടത്തി. നാളെ മുതൽ 13-ാം തിയതി വരെ എല്ലാ ദിവസം രാവിലെ 6.30 മുതൽ വൈകുന്നേരം 6.30 വരെയാകും സപ്താഹം നടക്കുക.

കേരളത്തിലെ ഗവൺമെന്റ് ജനവിരുദ്ധതയിൽ ഒന്നാം സ്ഥാനത്ത്: സി വി കുര്യാക്കോസ്

കൈപ്പറമ്പ്., രാജ്യത്ത് ജനവിരുദ്ധതയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന ഗവൺമെൻറ് ആയി കേരളത്തിലെ പിണറായി വിജയൻ